"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അസോഷ്യേറ്റ് പ്രൊഫസർ ഡോ.അനിത കുമാരി അയിരോളിമീത്തൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 774/2024 കേസിലെ 13/06/2024-ലെ ഉത്തരവ് നടപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.203/2025/H&FWD തീയതി,തിരുവനന്തപുരം, 25-01-2025

---

പരാമർശം:- 1. 01/03/2024- ലെ സ.ഉ.(സാധാ) നം.637/2024/ആ.കു.വ

2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA EKM 774/2024 നമ്പർ കേസിലെ 13/06/2024 ലെ ഉത്തരവ്

**ഉത്തരവ്**

തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ആയിരുന്ന ഡോ.അനിത കുമാരി അയിരോളിമീത്തൽ-ന് പരാമർശം (1) ഉത്തരവ് പ്രകാരം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിയമനം നൽകിയിരുന്നു. ഡോ.അനിത കുമാരി അയിരോളിമീത്തൽ, ടിയാരിയ്ക്ക് 2 വർഷത്തെ ഔട്ട് സ്റ്റേഷൻ സർവീസ്, Compassionate Medical Grounds എന്നിവ നിലവിലുള്ളതും കൂടാതെ ടിയാരി പട്ടിക ജാതി സമുദായത്തിൽ ഉൾപ്പെട്ടതാണെന്നും ചൂണ്ടിക്കാട്ടി കോഴിക്കോട് അല്ലെങ്കിൽ മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് സ്ഥലം മാറ്റം നൽകണമെന്ന ആവശ്യം മുൻനിർത്തി അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ അപേക്ഷ സമർപ്പിച്ച സമയം കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലേക്ക് സ്ഥലംമാറ്റം ലഭിച്ച് 2 മാസം മാത്രം ആയതിനാലും, കോഴിക്കോട്/മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ സൈക്യാട്രി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിൽ ഓപ്പൺ ഒഴിവുകൾ ഇല്ലാത്തതിനാലും, ജനറൽ ട്രാൻസ്ഫർ മാനദണ്ഡങ്ങൾ പ്രകാരം ടിയാൾ സ്ഥലം മാറ്റത്തിന് അർഹയല്ലാത്തതിനാൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത അപേക്ഷ പരിഗണിക്കുകയുണ്ടായില്ല. പൊതു സ്ഥലം മാറ്റത്തിനായി നൽകിയ അപേക്ഷ പരിഗണിക്കാതിരുന്ന സാഹചര്യത്തിൽ ടിയാരി OA (EKM) 774/2024 ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് ടിയാൾ കാൻസർ ചികിത്സയിലാണെന്ന സർട്ടിഫിക്കറ്റ് കൂടി പരിഗണിച്ച് പൊതു സ്ഥലം മാറ്റത്തിന് മുൻപായി ടിയാളുടെ Annexure A7 പരിഗണിക്കുവാൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രണ്ടാം എതൃകക്ഷിയായ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് പരാമർശം (2) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശം നൽകിയിരുന്നു.

*"Accordingly, the Original Application is disposed of with a direction to the second respondent to consider Annexure A7 objection before the general transfer 2024 is finalized."*

2)അസോഷ്യേറ്റ് പ്രൊഫസർ തസ്തികയുടെ നിയമനാധികാരി സർക്കാർ ആയതിനാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവ് പ്രകാരമാണ് അപേക്ഷക ഉൾപ്പടെ എട്ട് സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിലേക്ക് താൽക്കാലിക സ്ഥാനക്കയറ്റം നൽകി വിവിധ മെഡിക്കൽ കോളേജുകളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് നിയമനം നൽകിയത്. പ്രസ്തുത ഉത്തരവ് പ്രകാരം ഡോ.അനിത കുമാരി അയിരോളിമീത്തൽ-ന് കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ഒഴിവിലേക്കാണ് താത്കാലിക സ്ഥാനക്കയറ്റത്തിലൂടെ നിയമനം നൽകിയത്. എന്നാൽ താത്കാലിക സ്ഥാനക്കയറ്റം നൽകിയ വേളയിൽ കോഴിക്കോട് /മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നിയമനം നൽകണമെന്ന ടിയാരിയുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിരുന്നില്ല. കൂടാതെ അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റം ലഭിച്ച് ഒരു വർഷമെങ്കിലും സേവനകാലം ഉണ്ടെങ്കിൽ മാത്രമേ സ്പാർക്ക് (SPARK) മുഖേന പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ നൽകുവാൻ കഴിയുകയുമുള്ളൂ. അർഹരായവർ ഇല്ലാത്തതിനാൽ സൈക്യാട്രി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർ തസ്തികയിൽ പൊതു സ്ഥലംമാറ്റം നടക്കുകയുണ്ടായില്ല. തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നും സ്ഥാനക്കയറ്റം നൽകിയാണ് ടിയാളെ കണ്ണൂർ മെഡിക്കൽ കോളേജിൽ നിയമിച്ചത്. കോഴിക്കോട് / മഞ്ചേരി മെഡിക്കൽ കോളേജുകളിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് അർഹരായ സൈക്യാട്രി വിഭാഗം അസോഷ്യേറ്റ് പ്രൊഫസർമാർ നിലവിലില്ലാത്ത സാഹചര്യത്തിൽ ഡോ.അനിത കുമാരി അയിരോളിമീത്തലിന്റെ അപേക്ഷ നിലവിൽ പരിഗണിക്കാൻ നിർവ്വാഹമില്ല. കൂടാതെ ഹോം സ്റ്റേഷനായ കോഴിക്കോട് നിന്നും വളരെയകലെയല്ലാത്ത മെഡിക്കൽ കോളേജിലാണ് ടിയാരിക്ക് നിയമനം നൽകിയിട്ടുള്ളതെന്നും കാണാവുന്നതാണ്. മാത്രമല്ല അനുകമ്പാർഹമായ സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ള അസോഷ്യേറ്റ് പ്രൊഫസ്സർമാരെ മാറ്റി ടിയാരിക്ക് നിയമനം നൽകുന്ന പക്ഷം നിയമ നടപടികൾ ഉണ്ടാകാനും സാധ്യതയുണ്ട്.

3) ഈ സാഹചര്യത്തിൽ, കോഴിക്കോട് അല്ലെങ്കിൽ മഞ്ചേരി മെഡിക്കൽ കോളേജുകളിൽ ഏതിലേക്കെങ്കിലും സ്ഥലംമാറ്റ നിയമനം നൽകണമെന്ന കണ്ണൂർ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം അസ്സോസിയേറ്റ് പ്രൊഫെസർ ഡോ. അനിതാകുമാരി അയിരോളിമീത്തലിന്റെ അപേക്ഷ (Annexure A7) പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ചും, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA (EKM) 774/2024 കേസിലെ പരാമർശം (2) ഉത്തരവ് നടപ്പാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SALINI O G
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ഡോ.അനിത കുമാരി അയിരോളിമീത്തൽ, അസോഷ്യേറ്റ് പ്രൊഫസർ, സൈക്യാട്രി വിഭാഗം, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (എസ് 1/130/2024/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
Date: 25-01-2025 16:55:42

സെക്ഷൻ ഓഫീസർ